**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** | **31-08-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി അവർക്ക് പെൻഷനും സാമ്പത്തിക സഹായവും നൽകുക, അതുവഴി അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്നിവ ഉദ്ദേശിച്ചുകൊണ്ടുള്ള കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019 ലെ 26-ാം നമ്പർ ആക്ട്) അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ഒക്ടോബറിൽ കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും, കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. "കേരള കർഷകക്ഷേമ നിധി പദ്ധതി രേഖ" യുടെ കരട് അംഗീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. കർഷകർക്ക് ക്ഷേമനിധിയിൽ രജിസ്ട്രേഷൻ നടത്തുന്നതിനും അംശദായം ഒടുക്കുന്നതിനുമുള്ള സൗകര്യം www.kfwfb.kerala.gov.in എന്ന പോർട്ടലിൽ 01.12.2021 തീയതി മുതൽ ലഭ്യമാണ്. കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ നാളിതുവരെ 13020 കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |
| (ബി) | എന്തൊക്കെ പദ്ധതികളാണ് പ്രസ്തുത ബോർഡ് വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും അവയിൽ എന്തൊക്കെ നടപ്പിലാക്കാൻ സാധിച്ചുവെന്നും വിശദമാക്കാമോ; | (ബി) | ബോർഡ് മുഖേന കർഷകർക്ക് താഴെ പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.<br><br>1. അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.<br><br>2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശിക ഇല്ലാതെ അടച്ച ശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ. |

| | | | |
|---|---|---|---|
| | | | 3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.<br><br>4. അവശത ആനുകൂല്യം: രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉള്ളവർക്കാണ് അവശത ആനുകൂല്യം.<br><br>5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭ്യമാക്കുന്നതാണ്.<br><br>6. വിവാഹ, പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.<br><br>7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവകലാശാലകളിലെ പഠനത്തിന് സഹായം.<br><br>8. മരണാനന്തര ആനുകൂല്യം<br><br>9. ഒറ്റത്തവണ ആനുകൂല്യം<br><br>മുകളിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി രേഖയുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| (സി) | പ്രസ്തുത ബോർഡിന്റെ പ്രവൃത്തികൾ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (സി) | ബോർഡ് മുഖേന കർഷകർക്ക് താഴെ പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.<br><br>1. അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.<br><br>2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശിക ഇല്ലാതെ അടച്ച ശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ.<br><br>3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.<br><br>4. അവശത ആനുകൂല്യം: രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉള്ളവർക്കാണ് അവശത ആനുകൂല്യം. |

| | | | |
|---|---|---|---|
| | | | 5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷുറൻസ് പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭ്യമാക്കുന്നതാണ്.<br><br>6. വിവാഹ, പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.<br><br>7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവകലാശാലകളിലെ പഠനത്തിന് സഹായം.<br><br>8. മരണാനന്തര ആനുകൂല്യം<br><br>9. ഒറ്റത്തവണ ആനുകൂല്യം<br><br>മുകളിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി രേഖയുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| (ഡി) | ധനകാര്യ വകുപ്പിന് സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ വൈകുന്നതുമൂലം ബോർഡിന്റെ പ്രവർത്തനം നിലച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾക്കുള്ള അംഗീകാരം വേഗത്തിൽ ലഭ്യമാക്കാൻ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കർഷക ക്ഷേമനിധി പദ്ധതിയിലേക്കുള്ള അംഗത്വ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടക്കുകയാണ്. പദ്ധതിയിൽ ചേരുന്ന കർഷകരുടെ അംഗത്വം വർദ്ധിപ്പിക്കാൻ കർഷകർക്കിടയിൽ അവബോധം സൃഷ്ടിടിക്കുന്നതിനും, പ്രത്യേകിച്ച് ഇടത്തരം, ചെറുകിട കർഷകരിൽ, അതുവഴി അവരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു. കൂടാതെ കൃഷി, കൃഷി അനുബന്ധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് കർഷകരോട് നേരിട്ട് പദ്ധതിയെ കുറിച്ച് വിശദീകരിക്കുന്നതിനും അംഗങ്ങളാക്കുന്നതിനും ജില്ല തോറും പ്രചാരണ പരിപാടികളും നടന്നു വരുന്നു. പദ്ധതിരേഖ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ